# കള്ള് ചെത്ത് നിർത്താൻ സമയമായി: കേന്ദ്ര മന്ത്രി കെ വി തോമസ്

കൊച്ചി: കേരളത്തിലെ കള്ള് ചെത്ത് നിർത്താൻ സമയമായെന്ന് കേന്ദ്രഭക്ഷ്യ മന്ത്രി കെ വി തോമസ്. സംസ്ഥാനത്തെ മുഴുവൻ തെങ്ങിൽ നിന്നും ചെത്തിയെടുത്താലും കേരളത്തിനാവശ്യമായ കള്ള് കിട്ടില്ല. പിന്നെ എന്താണ് കള്ളായി വിതരണം ചെയ്യുന്നതെന്ന് താൻ പറയേണ്ടതില്ലല്ലോ എന്നും അദ്ദേഹം പറഞ്ഞു. കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം ഗ്രൗണ്ടിൽ കേരള അഗ്രി-ഫുഡ് പ്രൊ മീറ്റ് 2013 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നീര ഉൽപാദിപ്പിച്ച് വിപണി കണ്ടെത്താൻ കഴിഞ്ഞാൽ കേരകർഷകരെ സംബന്ധിച്ച് വലിയ അനുഗ്രഹമാണ്. നമ്മൾ ഉൽപാദിപ്പിക്കുന്ന കാപ്പിയും ചായയും കുരുമുളകും ഏലക്കായും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പാക്കറ്റാക്കിയാൽ ഇവിടെ എത്തുന്ന ടൂറിസ്റ്റുകൾ തിരിച്ച് പോകുമ്പോൾ കൗതുകത്തോടെ കൊണ്ടുപോകുമെന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിന്റെ വളർച്ചക്ക് ഏറ്റവും വലിയ സംഭാവന ചെയ്യാവുന്ന മേഖലയാണ് ഭക്ഷ്യ വ്യവസായം. കടന്നുചെല്ലുന്ന ഓരോ മേഖലയിലും കഴിവും സൗകര്യങ്ങളുമുണ്ട്. താങ്ങുവില സംരക്ഷിക്കണമെങ്കിൽ കേരളത്തിലെ മൂല്യവർധിത നികുതി ഉൽപന്നങ്ങൾ കണ്ടെത്താനും വിപണിയിലെത്തിക്കാനും കഴിയണം. ഭക്ഷ്യ സംരക്ഷണത്തിനായി പ്രത്യേക മന്ത്രാലയം വേണമെന്നമെന്നാണ് തന്റെയും ആഗ്രഹം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൈകോർത്ത് ആദ്യമായി കൊച്ചിയിൽ ആരംഭിച്ച അഗ്രി ഫുഡ് മീറ്റ് സംസ്ഥാനത്തിന് പുതിയ മുഖം നൽകും. അതിന് മുൻകൈയെടുത്ത വ്യവസായ മന്ത്രിയെ അഭിനന്ദിക്കുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു.

വ്യവസായ മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം സെക്രട്ടറി വാകേഷ് കാക്കർ ഐഎഎസ്, എംഎൽഎമാരായ ബെന്നിബഹനാൻ, ഹൈബി ഈഡൻ, ഡൊമനിക് പ്രസന്റേഷൻ, അഗ്രി യൂണിവേഴ്സിറ്റി ഡയറക്ടർ പി വി ബാലചന്ദ്രൻ, വാണിജ്യ വ്യവസായ ഡയറക്ടർ കെ എസ് ശ്രീനിവാസൻ ഐഎഎസ്, കെ-ബിപ് ചീഫ് എക്സിക്യൂട്ടിവ് ഡയറക്ടർ വി രാജഗോപാൽ എന്നിവർ പ്രസംഗിച്ചു. ഫുഡ് ഡയറക്ടറി മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി പ്രകാശനം ചെയ്തു. കൃഷി ഭൂമിയിൽ നിന്നും തീൻ മേശയിലേക്ക് എന്ന ആശയുമായി ആരംഭിച്ചിരിക്കുന്ന അഗ്രി ഫുഡ് പ്രൊമീറ്റിൽ ജർമൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഇരുന്നൂറോളം സ്റ്റാളുകളാണ് ഒരുക്കിയിരിക്കുന്നത്. പ്രദർശനം 21 വരെ നീണ്ടുനിൽക്കും.